കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാങ്കുളം ഗ്രാമ പഞ്ചായത്ത് - ഓഫീസ് ആവശ്യത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3909/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 05.12.2017.

വായന:- 1. കോഴിക്കോട് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27/07/2017 ലെ DB-134/17-18(UE)/1304 നമ്പർ സാക്ഷ്യപത്രം.

2. മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 28/07/2017 -ലെ II (4) നമ്പർ തീരുമാനം.

3. മാങ്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22/08/2017 ലെ പി.ആർ-65/17 നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്ത് വക KL06-E 1304 നമ്പർ ബൊലീറോ ജീപ്പ് 2008-ൽ വാങ്ങിയിട്ടുള്ളതും ഏകദേശം 2,85,000 കിലോമീറ്റർ ഓടിയിട്ടുള്ളതുമാണെന്നും ഇപ്പോൾ തകരാറിലായ ടി വാഹനം അറ്റകുറ്റപണി നടത്തി ഉപയോഗയോഗ്യമാക്കുന്നത് ലാഭകരമല്ലെന്ന് വായന (1) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഓഫീസ് ആവശ്യത്തിനായി പുതിയ ഒരു മഹീന്ദ്ര ബോലീറോ വാങ്ങുന്നതിന് അനുമതി നൽകണമെന്നും വായന (3) പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്ത് വക KL06-E 1304 നമ്പർ ബൊലീറോ ജീപ്പ് കണ്ടം ചെയ്ത് ലേലം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പത്ത് ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് പുതിയ ഒരു വാഹനം വാങ്ങുന്നതിന് മാങ്കുളം ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, മാങ്കുളം ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ